LBS CENTRE FOR SCIENCE AND TECHNOLOGY
(A Government of Kerala Undertaking)
Nandavanam, Palayam, Thiruvananthapuram - 695 033, Kerala
Phone: 0471 - 2324396, 2324148, 2324101; Fax: 0471 - 2337055
Email: director.lbs@kerala.gov.in; Website: www.lbscentre.kerala.gov.in

കേരളം
കർമപദ്ധതി

നമ്പർ.ബി 8/573/2014 തീയതി : 2/05/2025

## ലഘുദർഘാസ്/പുനർലേല നോട്ടീസ്

എൽ. ബി. എസ്സ്. സെന്ററിന്റെ ഹെഡ് ഓഫീസിൽ ഇപ്പോൾ ഉപയോഗത്തിലുള്ള KL01 BP 9440 നമ്പർ Volks wagen Jetta High Line Full Option 2014 മോഡൽ ഡീസൽ കാർ നിലവിലുള്ള അവസ്ഥയിൽ ലേലം ചെയ്ത് വിൽക്കുന്നതിന്/ മുദ്രവച്ച മത്സരാധിഷ്ഠിത ദർഘാസുകൾ ക്ഷണിക്കുന്നു. ദർഘാസ് സ്വീകരിക്കുന്ന അവസാന തീയതിയും സമയവും 12/05/2025 പകൽ 2 മണി. ലേലം 12/05/2025 പകൽ 3 മണി. നിരതദ്രവ്യം 5000/- രൂപ ആണ്.

ഡോ. എം. അബ്ദുൾ റഹ്മാൻ
ഡയറക്ടർ

LBS CENTRE FOR SCIENCE AND TECHNOLOGY
(A Government of Kerala Undertaking)
Nandavanam, Palayam, Thiruvananthapuram - 695 033, Kerala
Phone: 0471 - 2324396, 2324148, 2324101; Fax: 0471 - 2337055
Email: director.lbs@kerala.gov.in; Website: www.lbscentre.kerala.gov.in

നമ്പർ.ബി 8/573/2014 തീയതി : 02/05/2025

## ലഘുദർഘാസ്/പുനർലേല നോട്ടീസ്

എൽ. ബി. എസ്സ്. സെന്ററിന്റെ ഹെഡ് ഓഫീസിൽ ഉപയോഗത്തിലുള്ള KL01 BP 9440 നമ്പർ Volks wagen Jetta High Line Full Option 2014 മോഡൽ ഡീസൽ കാർ നിലവിലുള്ള അവസ്ഥയിൽ ദർഘാസ് സ്വീകരിച്ച് പരസ്യമായി ലേലം ചെയ്യുന്നു.

മുദ്രവച്ച ക്വട്ടേഷനുകൾ നിരതദ്രവ്യമുൾപ്പെടെ ഡയറക്ടർ, എൽ.ബി.എസ്.സെന്റർ, പാളയം, തിരുവനന്തപുരം എന്ന വിലാസം എഴുതി 12/05/2025 തീയതി പകൽ 2 മണിയ്ക്ക് മുമ്പായി എൽ.ബി.എസ്.സെന്റർ, പാളയം, തിരുവനന്തപുരം ഹെഡ്ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്. 12/05/2025 പകൽ 3 മണിയ്ക്ക് എൽ.ബി.എസ്.സെന്റർ, പാളയം, തിരുവനന്തപുരം ഹെഡ്ഓഫീസിൽ വച്ച് ലേല നടപടികൾ ആരംഭിക്കുന്നതാണ്.

### നിബന്ധനകൾ

1. ക്വട്ടേഷൻ സമർപ്പിക്കുവാൻ താൽപര്യമുള്ള വ്യക്തികളുടെ തിരിച്ചറിയൽ രേഖ ഉൾപ്പെടെ ക്വട്ടേഷൻ ഉള്ളടക്കം ചെയ്ത കവർ, ഡയറക്ടർ, എൽ. ബി. എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി, നന്ദാവനം, പാളയം തിരുവനന്തപുരം-33 എന്ന മേൽ വിലാസം എഴുതി May 12 പകൽ 2 മണിയ്ക്ക് മുൻപായി എൽ.ബി.എസ്. ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.
2. ലേലം ചെയ്യുന്ന KL01 BP 9440 നമ്പർ Volks wagen Jetta High Line Full Option 2014 മോഡൽ ഡീസൽ കാർ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10.30 മണി മുതൽ വൈകുന്നേരം 4.30 മണിവരെയുള്ള സമയത്ത് നേരിട്ട് പരിശോധിക്കാവുന്നതാണ്.
3. നിരതദ്രവ്യതുകയായ 5000/- രൂപ ഡയറക്ടർ എൽ. ബി. എസ്. സെന്ററിന്റെ പേരിൽ തിരുവനന്തപുരത്തു മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് ആയി ക്വട്ടേഷനോടൊപ്പം മറ്റൊരു കവറിൽ സമർപ്പിക്കേണ്ടതാണ്.
4. ക്വട്ടേഷൻ സമർപ്പിച്ചവർ 12/05/2025 ന് പകൽ 3 മണിക്ക് എൽ. ബി. എസ്. ഹെഡ് ഓഫീസിൽ വച്ചു നടത്തുന്ന ലേലത്തിൽ പങ്കെടുക്കേണ്ടതാണ്

...മറുപുറം...

5. ക്വട്ടേഷനുകൾ ലേലനടപടി ക്രമങ്ങളുടെ കൂടെ സമർപ്പിച്ചിട്ടുള്ളവരോ അവരുടെ പ്രതിനിധികളുടെയോ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്.
6. മേൽ പറഞ്ഞ പ്രകാരം നിരത ദ്രവ്യം അടക്കം ചെയ്യാത്ത ക്വട്ടേഷനുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.
7. പരസ്യലേലത്തിൽ പങ്കെടുക്കുന്ന വ്യക്തികൾ ലേലം ആരംഭിക്കുന്നതിനു മുൻപ് നിരത ദ്രവ്യ തുക രൂപ 5000/- ഉം ഒറിജിനൽ തിരിച്ചറിയൽ രേഖയും നൽകേണ്ടതാണ്.
8. ഏറ്റവും കൂടുതൽ തുക ലേലത്തിലൂടെയോ, ലേലത്തിനു മുൻപ് സമർപ്പിച്ച ക്വട്ടേഷനുകളിലോ ഏതാണ് കൂടുതൽ എന്നത് നോക്കി ലേലം ഡയറക്ടറുടെ അനുമതിയ്ക്കു വിധേയമായി ഉറപ്പിക്കുന്നതാണ് (ടാക്സ് 18 ശതമാനം).
9. ലേലം കൊള്ളുന്ന വ്യക്തി ലേലം കൊണ്ട തുകയുടെ 50% ഉടൻ തന്നെ ഓഫീസിൽ അടയ്ക്കേണ്ടതും രസീതു കൈപ്പറ്റേണ്ടതുമാണ്. ലേലംവഴിയോ, ക്വട്ടേഷൻ വഴിയോ ഏറ്റവും കൂടിയതുക രേഖപ്പെടുത്തിയ വ്യക്തി ലേലം സ്ഥിരപ്പെടുത്തി ഉത്തരവു ലഭിച്ച് 2 ദിവസത്തിനകം ലേലത്തുകയുടെ ബാക്കി അടച്ചശേഷം വാഹനം സ്വന്തം ചിലവിൽ തൽസ്ഥാനത്തു നിന്ന് നീക്കം ചെയ്യേണ്ടതാണ്.
10. ലേലം കൈക്കൊണ്ട വ്യക്തി ഏതെങ്കിലും തരത്തിൽ വീഴ്ച വരുത്തുകയാണെങ്കിൽ സെന്ററിനുണ്ടാകുന്ന നഷ്ടം ലേലം കൈക്കൊണ്ട വ്യക്തിയിൽ നിന്നും വസൂലാക്കുന്നതാണ്. പ്രസ്തുത ലേലം 2-ാം സ്ഥാനക്കാരന് യാതൊരു കാരണവശാലും സ്ഥിരപ്പെടുത്തി നൽകുന്നതല്ല. തുടർ ലേലത്തിലൂടെയോ, പുനർ ലേലത്തിലൂടെയോ മാത്രമായിരിക്കും ലേലം ഉറപ്പിക്കുക.
11. എൽ. ബി. എസ്. സെന്റർ/കോളേജ് എന്നിവിടങ്ങളിലെ ജീവനക്കാരോ അവരുടെ ബന്ധുക്കളോ ഈ ലേലത്തിൽ പങ്കുചേരുവാൻ പാടുള്ളതല്ല. ലേലത്തിൽ പങ്കെടുക്കുന്നവർ അവരുടെ ഐഡന്റിറ്റി തെളിയിക്കുന്ന രേഖയും കരുതിയിരിക്കേണ്ടതാണ്.
12. ഏതെങ്കിലും തരത്തിലുള്ള സ്വാധീനം ഉപയോഗിക്കുന്നതും, ലേലത്തിൽ പങ്കെടുക്കുന്നവരെ ഏതെങ്കിലും തരത്തിൽ തടസ്സപ്പെടുത്തുന്നതും ആയവരുടെ നിരതദ്രവ്യം കണ്ടുകെട്ടുന്നതിന് കാരണമാകും.
13. ലേല നടപടികൾ യാതൊരു മുന്നറിയിപ്പും കൂടാതെ നിർത്തിവയ്ക്കുന്നതിന് ഡയറക്ടർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

ഡോ. എം. അബ്ദുൾ റഹ്മാൻ
ഡയറക്ടർ